✔

## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.918 | 10.06.2019-ൽ മറുപടിയ്ക്ക്.

### തെച്ചിക്കോട്ടുകാവ് രാമചന്ദ്രനുള്ള വിലക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി കുന്നപ്പിള്ളിൽ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ എന്ന ആനയ്ക്ക് പൂരങ്ങൾക്കും ഉത്സവങ്ങൾക്കും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. തൃശ്ശൂർ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തെച്ചിക്കോട്ട്കാവ് രാമചന്ദ്രൻ എന്ന ആനയെ ഉത്സവങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും 08.02.2019-ലെ ഉത്തരവ് പ്രകാരം 15 ദിവസത്തേക്ക് നിരോധിച്ചിരുന്നു. |
| (ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്നറിയിക്കാമോ; | (ബി) 2012-ലെ നാട്ടാന പരിപാലന ചട്ടം 8(4) അനുസരിച്ച് ആന ഇടഞ്ഞ് മരണം സംഭവിക്കുന്ന സന്ദർഭങ്ങളിൽ ആനയെ 15 ദിവസത്തേക്ക് പൊതുപരിപാടികളിൽ പങ്കെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്. ഇതനുസരിച്ചാണ് 08.02.2019-ന് ഗുരുവായൂർ കോട്ടപ്പടി എന്ന സ്ഥലത്ത് വച്ച് ടി ആനയുടെ ആക്രമണത്തിൽ 2 പേർ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് തൃശ്ശൂർ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഈ ആനയെ ഇപ്രകാരം നിരോധിച്ചത്. |
| (സി) പ്രസ്തുത ആനയുടെ ആരോഗ്യ സ്ഥിതി മോശമാണെന്ന് വൈൽഡ് ലൈഫ് വാർഡൻ കണ്ടെത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. 11.08.2010-ൽ, ടി ആനയെ പരിശോധിച്ച വെറ്ററിനറി ഡോക്ടർമാരുടെ സംഘം ആനയുടെ വലത് കണ്ണിന് പൂർണ്ണമായും കാഴചശേഷി ഇല്ലായെന്ന് കണ്ടെത്തിയിരുന്നു. 08.02.2019-ൽ ടി ആന ഇടഞ്ഞ് ഉണ്ടായ അനിഷ്ട സംഭവങ്ങളെ തുടർന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിയോഗിച്ച വിദഗ്ധ സമിതി ആനയെ പരിശോധിച്ചതിൽ ആനയുടെ വലത് കണ്ണിന് പൂർണ്ണമായും കാഴ്ചശേഷി ഇല്ലായെന്നും, ദഹനശേഷി കുറവാണെന്നും കണ്ടെത്തിയിരുന്നു. കൂടാതെ നിരന്തരമായുള്ള എഴുന്നള്ളിപ്പുകൾ കാരണം വിശ്രമമില്ലാത്ത യാത്രയുടെ സമ്മർദ്ദത്തിലാണ് ആന അപ്രതീക്ഷിതമായി പ്രകോപിതനാകുന്നത് എന്നും കണ്ടെത്തിയിരുന്നു. |

(ഡി) ആരോഗ്യ സ്ഥിതി മോശമായ പ്രസ്തുത ആനയെ പൂരത്തലേന്ന് എഴുന്നള്ളിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

(ഡി) തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട പൂര വിളംബരത്തിന് മാത്രമായി കർശന നിബന്ധനകളോടെ പരമാവധി ഒരു മണിക്കൂർ സമയത്തേക്ക് നട തള്ളിത്തുറക്കുന്ന ചടങ്ങിന് ഈ ആനയെ ഉപയോഗിക്കുവാൻ 15.05.2019-ലെ ജില്ലാ കമ്മിറ്റി യോഗം അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകിയ അനുമതി ഇക്കൊല്ലത്തെ തൃശ്ശൂർ പൂരത്തിന് ഒഴികെ മറ്റൊരു പരിപാടിക്കും ബാധകമല്ലെന്നും ആനയെ പൊതുപരിപാടികളിൽ നിന്നും വിലക്കിക്കൊണ്ട് 25.04.2019-ലെ ജില്ലാ കമ്മിറ്റി എടുത്ത തീരുമാനം അതേപടി നിലനിൽക്കുമെന്നും കമ്മിറ്റി വ്യക്തമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ